(സി) ചട്ടപ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ പിരിച്ചുവിട്ടു; എത്രപേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി-യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.-യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1974-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) 1-6-2005-ൽ ഈ സ്ഥാപനത്തിൽ 3391 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു. താൽക്കാലിക ജീവനക്കാർ ഇല്ല.

(സി) അസിസ്റ്റന്റ് സെയിൽസ്മാൻ മുതൽ ജൂനിയ മാനേജർ വരെയുള്ള തസ്തികകളിലെ നിയമനം പി.എസ്.സി. വഴിയും അസിസ്റ്റന്റ് മാനേജർ തസ്തികകളിലെ നിയമനം നേരിട്ടും നടത്തുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും 945 പേരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) അസിസ്റ്റന്റ് സെയിൽസ്മാൻ മുതൽ ജൂനിയ മാനേജർ വരെയുള്ള തസ്തികകളിലെ നിയമനം പി.എസ്.സി. മുഖേന നടത്തി സ്ഥിരപ്പെടുത്തുന്നു.

(എഫ്) എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന താത്ക്കാലിക നിയമനം ലഭിച്ചിരുന്ന 4 വികലാംഗർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ 3-11-2007-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 85/2007/SWD പ്രകാരം നിയമനം നൽകിയിട്ടുണ്ട്.

(ജി)31-12-2010-ൽ ഈ സ്ഥാപനത്തിൽ 2721 ജീവനക്കാർ സേവനം അനുഷ്ടിക്കുന്നുണ്ട്.

ഇടമൺ മാവേലി സ്റ്റോർ ലാഭം സ്റ്റോറാക്കുന്നതിന് നടപടി

107(1364) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്കിലെ ഇടമൺ മാവേലി സ്റ്റോർ, ലാഭം സ്റ്റോറാക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനലൂർ മണ്ഡലത്തിൽ, ആയൂർ മാവേലി മെഡിക്കൽ സ്റ്റോർ എന്നത്തേക്ക് ആരംഭിക്കും; ആയതിന്റെ നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇടമൺ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റ് ആക്കുന്നതിനുവേണ്ടിയുള്ള സാദ്ധ്യതാ പഠനത്തിൽ ഒരു സൂപ്പർമാർക്കറ്റ് വാണിജ്യപരമായി ഗുണകരമായ നിലയിൽ നടത്തുന്നതിനുള്ള വിറ്റുവരവ് ലഭിക്കുമെന്ന് കാണുന്നില്ല. കൂടാതെ നിർദ്ദിഷ്ട കെട്ടിടത്തിന്റെ പണിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കെട്ടിടം പൂർണ്ണമായി സജ്ജമാകുമ്പോൾ അവലോകനം നടത്തി വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമാണോ എന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ റീജിയണൽ മാനേജരോട് നിർദ്ദേശിച്ചിരിക്കുകയാണ്.

(ബി) പുനലൂർ മണ്ഡലത്തിൽ, ആയൂരിൽ ടൗണിൽ തന്നെ സപ്ലൈകോ മെഡിക്കൽ സ്റ്റോർ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കണ്ണൂർ ജില്ലയിലെ തേർത്തല്ലി മാവേലി സ്റ്റോറിന്റെ പ്രവർത്തനം

108(1365) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആലക്കോട് പഞ്ചായത്തിലെ തേർത്തല്ലി കേന്ദ്രമായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പ്രവർത്തനം ആരംഭിക്കാതിരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആലക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലിസ്റ്റോറുകൾ അനുവദിക്കുന്നത്. ജീവനക്കാരുടെ അഭാവം പുതിയ മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly